"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

KSHB Building ശാന്തി നഗർ, തിരുവനന്തപുരം-1

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം
**(ഹാജർ: കെ. ബിജു, ഐ.എ.എസ്)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് പ്ലാനിംഗ് വിഭാഗം-സംസ്ഥാനത്തെ എല്ലാ സർക്കാർ ഐ.ടി.ഐ കളിലും പോഷകാഹാര പദ്ധതി നടപ്പിലാക്കുന്നത്- ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം:- 12.07.2016 തീയതിയിലെ ജി.ഒ.(ആർ.ടി) നമ്പർ 869/2016/തൊഴിൽ നമ്പരായ സർക്കാർ ഭരണാനുമതി.

**ഉത്തരവ് നമ്പർ ഐ2/11112/16 തീയതി: 22/08/2016**

2016-2017 വർഷം സംസ്ഥാനത്തെ എല്ലാ സർക്കാർ ഐ.ടി.ഐകളിലേയും പരിശീലനാർത്ഥികൾക്ക് പോഷകാഹാര പദ്ധതി നടപ്പിലാക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി ലഭിച്ചിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി ഐ.ടി.ഐകളിലെ എല്ലാ ട്രെയിനികൾക്കും ആഴ്ചയിൽ എല്ലാ ദിവസവും താഴെ പറയുന്ന രീതിരിയിൽ പോഷകാഹാരം നൽകേണ്ടതാണ്.

| | |
|---|---|
| 1 | പാൽ 150ml + ഒരു പുഴുങ്ങിയ കോഴി മുട്ട |
| 2 | പാൽ 150ml + ഏത്തപ്പഴം 150gms |
| 3 | പാൽ 150ml + ബ്രൗൺ ബ്രെഡ് 2 സ്ലൈസ് 50gms |

ഈ ഇനങ്ങൾ ലഭ്യത അനുസരിച്ച മാറിമാറി നൽകേണ്ടതാണ്. പ്രസ്തുത സാഹചര്യത്തിൽ ടി പദ്ധതി ഇതോടൊപ്പം ചേർത്തിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി, 2016-17 അദ്ധ്യയനവർഷത്തിൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം നടപ്പിലാക്കുന്നതിനുള്ള ചുമതല അതാത് ഐ.ടി.ഐ പ്രിൻസിപ്പാളിന് നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. (ഒരു ട്രെയിനിക്കുള്ള ഒരു ദിവസത്തെ ശരാശരി ചെലവ് 15/- രൂപ)

ടി പദ്ധതി എല്ലാ ഐ.ടി.ഐകളിലും നടപ്പിലാക്കുന്നതിന് ചെലവാകുന്ന തുക '2230-03-101-70-ന്യൂട്രീഷ്യൻ പ്രോഗ്രാം ഫോർ ഐ.ടി.ഐ ട്രെയിനീസ്- പ്ലാൻ-2016-17' എന്ന ശീർഷകത്തിൽ നിന്നും വഹിയ്ക്കാവുന്നതാണ്.

ഒപ്പ്
ട്രെയിനിംഗ് ഡയറക്ടർ

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും.

പകർപ്പ്:- സി.എ. റ്റു.ഡി.റ്റി/ സി.എ. റ്റു എ.ഡി.റ്റി/ഡി.ഡി.(പ്ലാനിംഗ്)/
എല്ലാ ഐ.ടി മാർക്കും/വകുപ്പ് വെബ്സൈറ്റ്/
കരുതൽ ഫയൽ (ഐ2)

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്

## പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നിബന്ധനകൾ

1. പാൽ, മുട്ട, പഴം, ബ്രഡ് എന്നിവയുടെ സംഭരണത്തിനായി സർക്കാർ/സ്വകാര്യ സംരംഭകരുമായി (മിൽമ, കെപ്കൊ മുതലായവ) നെഗോസിയേഷൻ നടത്തേണ്ടതും വില നിശ്ചയിച്ച്, സർക്കാർ നിയമങ്ങൾക്കനുസൃതമായി സംഭരണനടപടി സ്വീകരിക്കേണ്ടതുമാണ്. പാലും പുഴുങ്ങിയ കോഴിമുട്ടയും, പാലും ഏത്തപ്പഴവും, പാലും ബ്രൗൺ ബ്രെഡുമാണ് പോഷകാഹാര പദ്ധതിയിൽ ഉൾപെടുത്തിട്ടുള്ള മെനു. ഇത് ഒന്നിടവിട്ട ദിവസങ്ങളിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്
2. പ്രായോഗിക പരിശീലനം (പ്രാക്ടിക്കൽ) നടക്കുന്ന സമയത്ത് വേണം പാൽ,മുട്ട, പഴം, ബ്രഡ് എന്നിവ വിതരണം ചെയ്യേണ്ടത്.( ഇന്റർവെൽ സമയം).
3. ഓരോ ട്രേഡിലുമുള്ള ഗുണഭോക്താക്കളുടെ എണ്ണം വിതരണം നടത്തിയ തീയതി എന്നിവ അതാത് മാസം ഈ കാ ര്യാലയത്തിലും ഐ.ടിയേയും അറിയിക്കേണ്ടതാണ്. (ഫോർമാറ്റ് ഉൾപ്പെടുത്തുന്നു)
4. എല്ലാ ഐ.ടിമാരും അവരുടെ പരിധിയിലുള്ളതും ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതുമായ സ്ഥാപനങ്ങളിൽ സന്ദർശനം നടത്തേണ്ടതും പദ്ധതി വിജയകരമായി നടപ്പിലാക്കുന്നുണ്ടോ എന്നത് സംബന്ധിച്ച റിപ്പോർട്ട് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.
5. പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് പി.ടി.എ/ഐ.എം.സി. എന്നിവയുടെ സഹകരണം ആവശ്യപ്പെടാവുന്നതാണ്.
6. ചെലവ് സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്റർ ഓരോ സ്ഥാപനത്തിലും സൂക്ഷിക്കേണ്ടതാണ്. പ്ലാൻ ശീർഷകത്തിലെ ചെലവിന്റെ പട്ടികയോടൊപ്പം ടി പദ്ധതിക്ക് ചെലവായതിന്റെ വിശദ വിവരങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്.
7. പാൽ, മുട്ട, പഴം, ബ്രഡ് എന്നിവ സൂക്ഷിക്കുന്നതിനും, ട്രെയിനികൾക്ക് വിതരണം നടത്തുന്നതിനും കർശനമായ ശുചിത്വം ഉറപ്പാക്കേണ്ടത് പ്രിൻസിപ്പാളിന്റെ ചുമതലയാണ്.
8. ഭക്ഷണാവശിഷ്ടങ്ങൾ അന്തരീക്ഷ മലിനീകരണം ഉണ്ടാകാത്ത വിധം യഥാവിധി നീക്കം ചെയ്യേണ്ടതുമാണ്.
9. ഓരോ മാസത്തേയും ചെലവ് വിവരം അതാത് മാസത്തെ പ്ലാൻ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തി അയച്ചു തരേണ്ടതാണ്.
10. പദ്ധതി നടപ്പിലാക്കുന്നതിനായി എല്ലാ ട്രേഡുകളിലെയും ഓരോ ഷിഫ്റ്റിൽ നിന്നും ഓരോ പരിശീലനാർത്ഥികളെ വീതം ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതും, ടി കമ്മിറ്റി മുഖാന്തിരം അതാതു ട്രേഡുകളിൽ ഈ പദ്ധതി സുതാര്യമായി നടപ്പിലാക്കേണ്ടതുമാണ്.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

| Nutrition Programme 2016-17 | | | |
|---|---|---|---|
| Monthly Statement | | | |
| Name of ITI : | | | |
| Month : | | | |
| Day | No of Beneficiaries | Actual Expense | Remarks |
| 1 | | | |
| 2 | | | |
| 3 | | | |
| 4 | | | |
| 5 | | | |
| 6 | | | |
| 7 | | | |
| 8 | | | |
| 9 | | | |
| 10 | | | |
| 11 | | | |
| 12 | | | |
| 13 | | | |
| 14 | | | |
| 15 | | | |
| 16 | | | |
| 17 | | | |
| 18 | | | |
| 19 | | | |
| 20 | | | |
| 21 | | | |
| 22 | | | |
| 23 | | | |
| 24 | | | |
| 25 | | | |
| 26 | | | |
| 27 | | | |
| 28 | | | |
| 29 | | | |
| 30 | | | |
| 31 | | | |
| Total | | | |

Principal